"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ലിജി സൂസൻ തോമസ്, കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി) - താൽക്കാലിക സ്ഥാനക്കയറ്റം ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2573/2024/H&FWD തീയതി,തിരുവനന്തപുരം, 28-10-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം.3319/2013/ആകുവ തീയതി 28.09.2013.
2. സ.ഉ.(അച്ചടി) നം.154/2018/ആകുവ തീയതി 05.12.2018.
3. സ.ഉ.(അച്ചടി) നം.85/2024/ആകുവ തീയതി 19.09.2024.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 07.10.2024-ലെ DHS/22483/2024-EB5 നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ ഒഫ്ത്താൽമോളജി വിഭാഗം കൺസൾട്ടന്റായി ജോലി നോക്കി വരുന്ന ഡോ.ലിജി സൂസൻ തോമസിന് പരാമർശം (1) പ്രകാരം കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി) തസ്തികയിൽ നൽകിയ താൽക്കാലിക സ്ഥാനക്കയറ്റം ക്രമപ്പെടുത്തുന്നതിനായി 12.08.2024 ൽ അഡ്ഹോക്ക് ഡി.പി.സി. (ഹയർ) യോഗം ചേരുകയും, കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി തയ്യാറാക്കിയ 2013 വർഷത്തെ പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ മെഡിക്കൽ ഓഫീസറെ ഉൾക്കൊള്ളിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ആയതിനാൽ ഡോ.ലിജി സൂസൻ തോമസിന്റെ കൺസൾട്ടന്റ് തസ്തികയിലെ താൽക്കാലിക സ്ഥാനക്കയറ്റം ക്രമപ്പെടുത്തുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. ഡോ. ലിജി സൂസൻ തോമസിന് ഒഫ്ത്താൽമോളജി വിഭാഗം കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം നൽകിയ താൽക്കാലിക സ്ഥാനക്കയറ്റം ടി മെഡിക്കൽ ഓഫീസർ കൺസൾട്ടന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതിയായ 25.01.2014 പ്രാബല്യത്തിൽ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

0129228

GOVERNMENT OF KERALA

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ഡോ.ലിജി സൂസൻ തോമസ്, കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Anupama G Nair
Date: 28-10-2024 17:12:52

മേലെഴുത്ത് കത്ത് നം. ഇ5-22483/24/ആവധ തീയതി 30/10/24

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും തുടർനടപടികൾക്കായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി

30/10/24